നെടുമ്പാശ്ശേരി വിമാനത്താവളം അന്തർദേശീയ വിമാനത്താവളമാക്കി ഉയർത്തണമെന്ന ആവശ്യം

32 (3222) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളം അന്തർദേശീയ വിമാനത്താവളമായി ഉയർത്തണമെന്ന ആവശ്യം എന്നാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത് ;

(ബി) ഇതു സംബന്ധിച്ച കേന്ദ്രഗവൺമെന്റിന്റെ തീരുമാനം എന്താണ് എന്ന് അറിയിച്ചിട്ടുണ്ടോ ;

(സി) അന്തർദേശീയ വിമാനത്താവളമായി ഉയർത്തുന്നതിന് കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) അഖിലകക്ഷി നിവേദക സംഘത്തെ ഡൽഹിക്ക് അയയ്ക്കുവാനും സംസ്ഥാനത്തിന്റെ ഒറ്റക്കെട്ടായ ആവശ്യം കേന്ദ്രത്തെ അറിയിക്കുവാനും ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) വിമാനത്താവള ഉദ്ഘാടന ദിവസമായ 25-5-1999 നും തുടർന്ന് 9-11-1999-ലും 25-1-2000-ലും മുഖ്യമന്ത്രി ഇക്കാര്യം കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

(ബി-ഡി) രാജ്യത്തെ മറ്റു ചില വിമാനത്താവളത്തോടൊപ്പം നെടുമ്പാശ്ശേരി വിമാനത്താവളത്തിലും അന്താരാഷ്ട്ര പദവി പ്രഖ്യാപിച്ചുകൊണ്ടുള്ള നടപടി ഉടനെ ഉണ്ടാകുമെന്ന് കേന്ദ്ര സിവിൽ നാവിയേഷൻ വകുപ്പുമന്ത്രിയുടെ അറിയിപ്പു ലഭിച്ചിട്ടുണ്ട്.

ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക

33 (3223) ശ്രീ. എം. നാരാണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ഏതെല്ലാം വകുപ്പിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക നലവിലുണ്ട് ;

(ബി) ഈ തസ്തികയിലേക്ക് എൽ. ഡി. സി. യുടെ ശമ്പള സ്കെയിൽ അനുവദിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇപ്പോൾ പ്രസ്തുത തസ്തികയ്ക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് ഏതെല്ലാം വകുപ്പുകളിലേക്ക് അപേക്ഷിക്കാം ; പ്രസ്തുത വകുപ്പുകളുടെ വിവരം നല്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ സെക്രട്ടേറിയറ്റ്, പബ്ലിക് സർവീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ആഫീസ് എന്നീ വകുപ്പുകളിൽ ഈ തസ്തിക നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ക്ലറിക്കൽ അസിസ്റ്റന്റുമാർക്ക് ഉയർന്ന സ്കെയിൽ അനുവദിക്കണമെന്ന ആവശ്യം അംഗീകരിക്കുകയുണ്ടായില്ല.

(ഡി) ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്താറില്ല. അതിനാൽ ഈ തസ്തികയിലുള്ളവർക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന് അർഹതയില്ല.

മന്ത്രിമാരുടെ മൊബൈൽ ഫോൺ

34 (3224) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റിന്റെ തീരുമാന പ്രകാരം മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങി ആർക്കെല്ലാം മൊബൈൽ ഫോൺ നല്കിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോരുത്തരുടെയും മൊബൈൽ ഫോൺ നമ്പർ എത്രയാണെന്ന് അറിയിക്കുമോ ;

(സി) ക്യാബിനറ്റ് റാങ്കുള്ള പ്രതിപക്ഷനേതാവിന് മൊബൈൽ ഫോൺ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്താണ് ?

ഉത്തരം

(എ & ബി) എല്ലാ മന്ത്രിമാർക്കും ചീഫ് സെക്രട്ടറിക്കും മൊബൈൽ ഫോൺ നൽകിയതിന്റെ നമ്പരുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പിന്നാലെ നൽകുന്നതാണ്.

(സി) ക്യാബിനറ്റ് റാങ്കുള്ളുവർക്കെല്ലാം മൊബൈൽ ഫോൺ നൽകുന്ന കാര്യം പരിഗണിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly